പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1443 **16-10-2026-ൽ മറുപടിയ്ക്ക്**

ഇടനിലക്കാരുടെ ചൂഷണം തടയലും കർഷകർക്കുള്ള ന്യായവില ലഭ്യതയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആലത്തൂർ സ്റ്റേറ്റ് സീഡ് ഫാമിലെ പ്രവൃത്തികൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 1.6 കോടി രൂപ അനുവദിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് പ്രസ്തുത തുക അനുവദിച്ചതെന്നും ഇവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

മറുപടി: രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (RKVY) DPR ഘടകത്തിൽ ഉൾപ്പെടുത്തി ആലത്തൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ ₹416.42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി ഘടകം	**അനുവദിച്ച തുക (ലക്ഷം രൂപ)**	**നിർവഹണ ഏജൻസി**
1	നെൽവിത്ത് ഉൽപ്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ	149.76	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മലമ്പുഴ; കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആലത്തൂർ
2	ജലസേചന പരിപാലനവും വികസനവും	65.52	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മലമ്പുഴ; ANERT, പാലക്കാട്
3	ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം	24.42	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മലമ്പുഴ
4	ജൈവ നിയന്ത്രണ ഉപാധികളുടെ ഉൽപ്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ	39.31	എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്
5	കർഷക പരിശീലന- കാർഷിക പ്രദർശനം കേന്ദ്രം	115.91	എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്; കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആലത്തൂർ
6	നൂതന കൃത്യതാ കൃഷി സാങ്കേതികവിദ്യയുടെ സ്ഥാപനം	21.50	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT), പാലക്കാട്
	ആകെ	**416.42**	

2024-25 സാമ്പത്തിക വർഷം 37.33 ലക്ഷം രൂപയും 2025-26 ൽ 210.24 ലക്ഷവും 2026-27 ൽ നാളിതുവരെ 58 ലക്ഷം രൂപയും ഉൾപ്പെടെ നാളിതുവരെ 305.57 ലക്ഷം രൂപ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 100 മെട്രിക് ടൺ സംഭരണശേഷിയുള്ള ഹൈടെക് ഗോഡൗൺ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഉപയോഗിച്ച Stress-less Roofing Technology യിലൂടെ നെൽ വിത്ത് സംഭരണത്തിന് അനുയോജ്യമായ താപനിലയും ആർദ്രതയും നിലനിർത്താൻ കഴിയുന്നതിനാൽ ഉയർന്ന ഗുണനിലവാരമുള്ള വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. പ്രതിവർഷം 6 ലക്ഷം തൈകൾ ഉത്പാദനശേഷിയുള്ള പോളിഹൗസ്, മഴമറ, മിസ്റ്റ് ചേംബർ, ജലസേചന സൗകര്യങ്ങൾ, കനാൽ നവീകരണം എന്നിവയും പൂർത്തീകരിച്ചു..

കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT Palakkad) വികസിപ്പിച്ച ഇന്റലിജന്റ് ഫാം മോണിറ്ററിംഗ്, ഇന്റലിജന്റ് ഇറിഗേഷൻ സിസ്റ്റം എന്നിവ ഉപയോഗപ്പെടുത്തി കൃത്യതാ കൃഷി (Precision Farming) നടപ്പിലാക്കിയിട്ടുണ്ട്.

സീഡ് ഫാം ഓഫീസ്, ജൈവ നിയന്ത്രണ ഉപാധികളുടെ ഉൽപ്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, കർഷക പരിശീലന കേന്ദ്രം -കാർഷിക പ്രദർശനം എന്നീ പ്രവർത്തികളുടെ നിർവഹണം പുരോഗമിച്ചു വരുന്നു. 2026-27 സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കി കർഷകർക്ക് ഉത്പാദന ഉപാധികളും കാർഷിക സാങ്കേതിക വിദ്യകളും ലഭ്യമാക്കുന്ന മികവിന്റെ കേന്ദ്രമാക്കി ഫാമിനെ മാറ്റുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് .

(ബി) നെൽകൃഷിയുടെ രണ്ടാംവിള ആരംഭിക്കുന്ന സാഹചര്യത്തിൽ നെൽകർഷകർക്ക് സഹായകരമായ വിധത്തിൽ കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

മറുപടി:

രണ്ടാം വിള (മുണ്ടകൻ) കൃഷിക്കാലത്ത് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

· ഗുണമേന്മയുള്ളസെർട്ടിഫൈഡ്നെൽവിത്തുകൾ ഉത്പ്പാദിപ്പിച്ചു സൌജന്യമായി വിതരണം ചെയ്യുന്നു. 1357 ടൺ നെൽവിത്ത് രണ്ടാം കൃഷിക്കായി നാളിതു വരെ വിതരണം ചെയ്തു കഴിഞ്ഞു. വിത്ത് വിതച്ച ശേഷം രണ്ടാഴ്ചക്കുള്ളിൽ കൃഷി നാശം സംഭവിച്ചാൽ പകരം വിത്ത് നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

· കൃഷിയിടങ്ങളിൽ ഉണ്ടാകാവുന്ന അടിയന്തര പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനായി ജില്ലാ തലത്തിൽ ഒരു റാപിഡ് റെസ്പോൺസ് ടീം (Rapid Response Team - RRT) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

· കൃഷിയിടം ഒരുക്കുന്നതിനും നെൽകൃഷി വ്യാപനത്തിനും സാമ്പത്തിക സഹായം നൽകുക, വിപണിയിൽ വളം, കുമ്മായം, ജൈവവളം, സസ്യസംരക്ഷണ സാമഗ്രികൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുക, വിള ഇൻഷുറൻസ് പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുക, യന്ത്രവത്കരണ സേവനങ്ങൾക്ക് ധനസഹായം നൽകുക, കൃഷി ഓഫീസർമാർ മുഖേന സാങ്കേതിക മാർഗനിർദേശങ്ങളും കൃത്യമായ ഉപദേശങ്ങൾ നൽകുക എന്നിവയും നടപ്പിലാക്കിവരുന്നു.

· "നെൽകൃഷി വികസന പദ്ധതി" പ്രകാരം വിവിധ ഘടകങ്ങൾക്കായി 8360 ലക്ഷം രൂപ 2026-27 വർഷം വകയിരുത്തി പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതി പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു. ഉൽപാദനോപാധികൾക്ക് ഹെക്ടറിന് 5500 രൂപയും പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ നിരക്കിലും ധനസഹായം, പ്രാദേശികമായി നെൽകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം.

തരിശുനില കൃഷിക്കായി ഹെക്ടർ ഒന്നിന് 35000/-രൂപ കർഷകനും 5000/-രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/-രൂപ പ്രകാരം ആനുകൂല്യം

ഞവര,ബസുമതി,രക്തശാലി എന്നീ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/-രൂപ പ്രകാരം ആനുകൂല്യം

തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ കോൾ പടവുകളിൽ ഇരുപ്പു നെൽകൃഷി, അല്ലെങ്കിൽ ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി ധനസഹായം

ഡ്രോൺ ഉപയോഗിച്ച് പത്ര പോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 2000/-രൂപ പ്രകാരം ആനുകൂല്യം.

(സി) യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി നിലവിലെ സർക്കാർ ഏതെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

മറുപടി:

കാർഷിക രംഗത്തേക്ക് യുവ തലമുറയെ ആകർഷിക്കുന്നതിനായി നൂതന കൃഷിരീതികൾ, യന്ത്രവത്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2026-27 സാമ്പത്തിക വർഷം സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 'കതിര്' കാർഷിക ക്ലബ്ബുകൾക്കായി ₹50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫാം ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികളെ കൃഷിയിലേക്ക് ആകർഷിക്കുകയും അവരിൽ കാർഷിക അവബോധം സൃഷ്ടിക്കുകയും ചെയ്യുക, കുട്ടികൾക്ക് പ്രകൃതിയോടും കൃഷിയോടുമുള്ള താൽപര്യവും ഉത്തരവാദിത്ത ബോധവും വളർത്തുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉണനിലവാരമുള്ള വിത്തുകൾ, തൈകൾ, മറ്റു ഉല്പാദനോപാധികൾ എന്നിവയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം കൃഷി ഭവനുകളിലൂടെയും കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെയും നൽകുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിനെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് കൃഷി വകുപ്പ് ഈ പദ്ധതി 2026-27സാമ്പത്തിക വർഷത്തിൽ 500 സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇടനിലക്കാരുടെ കൊള്ളലാഭവും ചൂഷണവും അവസാനിപ്പിച്ച് കാർഷിക വിഭവങ്ങളുടെ മൂല്യം കർഷകർക്ക് തന്നെ ലഭിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി:

കാർഷിക മേഖലയിൽ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ വിവിധ വിപണി ഇടപെടൽ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (Horticorp), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (VFPCK) തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന കർഷകരിൽനിന്ന് കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു.

ഹോർട്ടികോർപ്പിന് കീഴിൽ 13 ജില്ലാ സംഭരണ കേന്ദ്രങ്ങൾ, 6 ഉപസംഭരണ കേന്ദ്രങ്ങൾ, 78 സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റോറുകൾ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ, ഔട്ട്ലെറ്റുകൾ, മൊബൈൽ വിപണന സംവിധാനങ്ങൾ, ഉത്സവകാല വിപണികൾ എന്നിവയിലൂടെയും വിപണി ഇടപെടലുകൾ നടത്തിവരുന്നു.

VFPCK മുഖേന കർഷക സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള വിപണനബന്ധം ഉറപ്പാക്കുന്നതിനുമായി 295 സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിക്കുന്നു. കൂടാതെ, 'സസ്യ' എന്ന പേരിൽ 47 ചില്ലറ വിൽപ്പനശാലകളും 'തളിർ ഗ്രീൻ' എന്ന പേരിൽ 63 ചില്ലറ വിൽപ്പനശാലകളും 2 തളിർ പ്രീമിയം ഔട്ട്‌ലെറ്റുകളും പ്രവർത്തിച്ചുവരുന്നു.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 521 ഇക്കോഷോപ്പുകൾ, 6 മൊത്തവ്യാപാര ഗ്രാമീണ/നഗര വിപണികൾ, 287 എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, 979 ആഴ്ചചന്തകൾ, 60 ഗ്രാമീണ-നഗര സ്ട്രീറ്റ് മാർക്കറ്റുകൾ, 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ എന്നിവ മുഖേനയും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിച്ചുവരുന്നു.

കർഷക ഉൽപ്പാദക സംഘടനകൾ (FPOs), സഹകരണ സ്ഥാപനങ്ങൾ, കാർഷിക സംരംഭകർ എന്നിവയെ പ്രോത്സാഹിപ്പിച്ചും സംഭരണ-സംസ്കരണ-മൂല്യവർദ്ധന സൗകര്യങ്ങൾ വർധിപ്പിച്ചും വിപണി ശൃംഖലകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

ഇത്തരത്തിലുള്ള നേരിട്ടുള്ള വിപണന സംവിധാനങ്ങളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുകയും ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതോടൊപ്പം ഇടനിലക്കാരുടെ അനാവശ്യ ഇടപെടൽ കുറയ്ക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. .

സെക്ഷൻ ഓഫീസർ